I/47029/2023

ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

**LSGD/PD/10799/2023-VIGD4** തീയതി: **03-08-2023**

## കുറ്റാരോപണ മെമ്മോ

ശ്രീ ജോർജ് വിൽഫ്രഡ് കാർഡോസ് ജെ. എന്ന താങ്കൾ കോടഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കി വരവെ അനുബന്ധ കുറ്റാരോപണ പത്രികയിൽ വിവരിക്കും പ്രകാരമുള്ള ചട്ടലംഘനം, കൃത്യവിലോപം ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ച എന്നീ കുറ്റങ്ങൾക്ക് ഉത്തരവാദിയാകയാൽ താങ്കൾക്കെതിരായി 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടം 15 പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ മെമ്മോ കൈപ്പറ്റി പതിനഞ്ചു ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരമുള്ള എതിർവാദ പത്രികയൊന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ എതിർവാദമൊന്നും ഇല്ലായെന്ന അനുമാനത്തിൽ അച്ചടക്ക നടപടികൾ തുടരുന്നതാണ്. നേരിൽ കാര്യം ബോധിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യവും അറിയിക്കേണ്ടതാണ്.

**M.G. RAJAMANICKAM IAS**
**PRINCIPAL DIRECTOR**

ശ്രീ. ജോർജ് വിൽഫ്രഡ് കാർഡോസ് ജെ.
ക്ളാർക്ക് കോടഞ്ചേരി ഗ്രാമ പഞ്ചായത്ത്
(നിലവിൽ അനധികൃതഹാജരില്ലായ്മയിൽ )
കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന

പകർപ്പ്

1. കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ (കുറ്റാരോപണ മെമ്മോയുടെ 3 പകർപ്പുകൾ. അസ്സൽ സ്വീകർത്താവിന് നൽകി പകർപ്പിൽ ടിയാന്റെ ഒപ്പും, പേരും, കൈപ്പറ്റ് തീയതിയും രേഖപ്പെടുത്തി കൈപ്പറ്റ് പകർപ്പ് സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി)
2. സെക്രട്ടറി കോടഞ്ചേരി ഗ്രാമപഞ്ചായത്ത്
3. കരുതൽ / അധികം

I/47029/2023

Signed by
M.g. rajamanickam Ias
Date: 03-08-2023 19:27:58

I/47028/2023

ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in

**LSGD/PD/10799/2023-VIGD4** തീയതി: **03-08-2023**

## കുറ്റാരോപണപത്രിക

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് (നിലവിൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന) ശ്രീ. ജോർജ് വിൽഫ്രഡ് കാർഡോസ് ജെ. എന്നവർക്കെതിരായ കുറ്റാരോപണം.

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന താങ്കൾ സർക്കാരിന്റെ **03.06.1996** തിയ്യതിയിലെ സ.ഉ.(സാധാ)നം. **2032/96/LAD**, **01.06.2001** തീയതിയിലെ സ.ഉ.(സാധാ)നം. **1955/2001/LSGD**, **16.06.2006** തീയതിയിലെ സ.ഉ.(സാധാ)നം. **1438/2006/LSGD**, **10.06.2013** തീയതിയിലെ സ.ഉ.(സാധാ) നം.**1502/2013/LSGD** എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം **03.06.2016** വരെ അനുവദിക്കപ്പെട്ട അവധിക്ക് ശേഷവും ജോലിയിൽ പുനഃപ്രവേശിക്കാതെ, **04.06.2016** തീയതി മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നു. താങ്കളുടെ ഈ നടപടി ഗുരുതരമായ ചട്ടലംഘനവും, കൃത്യവിലോപവും, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ ലംഘനവും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ചയും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമാണെന്ന് കാണുന്നു.

മേൽ പ്രകാരമുള്ള ചട്ടലംഘനം, കൃത്യവിലോപം, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ച എന്നിവയ്ക്ക് താങ്കൾ ഉത്തരവാദിയാണെന്ന് കണ്ട് താങ്കൾക്കെതിരെ ഈ കുറ്റപത്രം നൽകുന്നു.

**M.G. RAJAMANICKAM IAS**
**PRINCIPAL DIRECTOR**

കുറ്റാരോപണപത്രികക്കാധാരമായ രേഖകൾ

1.തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ **29/11/2022**, **06/03/2023** തീയതികളിലെ **DDP/KKD/1932/2022/A6** നമ്പർ കത്തുകൾ.

I/47028/2023

Signed by
M.g. rajamanickam Ias
Date: 03-08-2023 19:27:43

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

**LSGD/PD/10799/2023-VIGD4** തീയതി: 15-09-2025

**APPENDIX H4**

ശ്രീ. ജോർജ് വിൽഫ്രഡ് കാർഡോസ് ജെ. മുൻ ക്ലാർക്ക്, കോടഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ ചട്ടം 15 വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ സ്വീകരിക്കാതിരിക്കുവാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ നിങ്ങളുടെ എതിർവാദ പത്രിക സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചു കൊണ്ടുള്ള 03/08/2023 തീയതിയിലെ LSGD/PD/10799/2023-VIGD4 നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ കുറ്റാരോപണ മെമ്മോ/പത്രിക വിതരണം ചെയ്യപ്പെടാതെ "Left India" എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേക്ക് മടക്കി. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ലിഖിതമായ എതിർവാദ പത്രികയോ മറ്റ് വിശദീകരണമോ ലഭിക്കാത്തപക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണ മെമ്മോ/പത്രികയുടെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്ക് മുമ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ., തിരുവനന്തപുരം, പിൻ- 695003 -ൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകികൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

Geromic George IAS
PRINCIPAL DIRECTOR

**സ്വീകർത്താവ്**

ശ്രീ. ജോർജ് വിൽഫ്രഡ് കാർഡോസ് ജെ.,ജി സി ബംഗ്ലാവ്,
ക്ലാപ്പന പി. ഒ.,ക്ലാപ്പന സൗത്ത്, കൊല്ലം- 690525.

Signed by
Ajith Kumar M P
Date: 15-09-2025 11:09:42